# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത                                                04-11-2019 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 2266

## വിഴിഞ്ഞം തുറമുഖ പദ്ധതി - പുനരധിവാസ പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി പുനരധിവാസ പാക്കേജ് ഉണ്ടാക്കിയിരുന്നോയെന്ന് അറിയിക്കാമോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) പദ്ധതി മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവർക്ക് 39.34 കോടി രൂപയുടെ നഷ്ടപരിഹാര പുനരുദ്ധാരണ പാക്കേജാണ് റവന്യൂ ഡിവിഷണൽ ഓഫീസർ (RDO) ചെയർമാനും ഫിഷറീസ് ജോയിന്റ് ഡയറക്ടർ കൺവീനറുമായിട്ടുള്ള ഉപജീവന ആഘാത നിർണ്ണയ സമിതി (Livelihood Impact Appraisal Committee-LIAC) ശുപാർശ ചെയ്തത്. പാക്കേജിന്റെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>• പദ്ധതി പ്രദേശത്തെ ചിപ്പി / ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി തൊഴിലാളികൾ എന്നിവർക്ക് തുറമുഖ നിർമ്മാണസമയമായ മൂന്നു വർഷക്കാലത്തുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത കാലയളവിൽ സാമ്പത്തിക സഹായം.<br>• പദ്ധതിയുടെ ബ്രേക്ക് വാട്ടർ നിർമ്മാണകാലയളവായ രണ്ടു വർഷക്കാലത്തേക്ക് പദ്ധതി പ്രദേശത്തെ കട്ടമരം, മോട്ടോർ ഘടിപ്പിച്ച യാനങ്ങൾ എന്നിവയുടെ ഉടമകൾക്ക് സാമ്പത്തികസഹായം.<br>• തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മുല്ലൂർ മേഖലയിലെ ചിപ്പി/ലോബ്സ്റ്റർ തടം നഷ്ടപ്പെടുന്നതിനാൽ ടി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കടൽക്കൂട് മത്സ്യകൃഷി (Cage Culture) പരിശീലിപ്പിക്കുന്ന പദ്ധതി.<br>• പദ്ധതി പ്രദേശത്തെ റിസോർട്ടുകളിലേയും ചെറുകിട കച്ചവട സ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ പുനഃരധിവാസ സഹായം. |

(സി) അതിൽ എന്തൊക്കെ കാര്യങ്ങൾ ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ;

(ഡി) മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ കാര്യങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

(സി) യും (ഡി) യും LIAC അപ്പീൽ കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം സർക്കാർ അനുവദിച്ച ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്തൃ വിഭാഗം | എണ്ണം | ലഭ്യമാകുന്ന സാമ്പത്തിക സഹായം (തുക കോടിയിൽ) |
|---|---|---|---|
| 1 | ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ | 261 | 12.34 |
| 2 | കരമടി തൊഴിലാളികൾ | 856 | 52.13 |
| 3 | മോട്ടോർ ഘടിപ്പിക്കാത്ത യാനം (കട്ടമരം) ഉടമകൾ | 121 | 1.00 |
| 4 | മോട്ടോർ ഘടിപ്പിച്ച യാനം ഉടമകൾ | 1220 | 12.48 |
| 5 | വനിതാ സ്വയം സഹായ സംഘങ്ങൾ | 33 | 0.08 |
| 6 | റിസോർട്ട് ജീവനക്കാർ | 211 | 6.08 |
| | ആകെ | 2621 | 83.11 |

സെക്ഷൻ ഓഫീസർ